**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.**
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/ Medical Camp/2022 തീയതി: 13/10/2022

# പരിപത്രം

**(വിതരണ വിഭാഗം ഡെപ്യൂട്ടി ചീഫ് എൻജിനീയർമാരുടെ (ജില്ലാ ആസ്ഥാനം) പ്രത്യേക ശ്രദ്ധയ്ക്ക്)**

വിഷയം :- KSEBL ജീവനക്കാർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ പരിശോധനാ പദ്ധതി - ജില്ലാതല ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട വിതരണ വിഭാഗം ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർക്ക് (ജില്ലാ ആസ്ഥാനം) നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന - 1. B.O.(FTD) N0.732/2022 D (REES, SOURA, NILAVU, SPORTS & WELFARE) Thiruvananthapuram Dated 26.08.2022.
2. Note No. PS1 (B)/ Medical Camp/2022 തീയതി, 11/10/2022 of Chief Personnel Officer addressed to Chairman & Managing Director, KSEB Limited.

സംസ്ഥാന ആരോഗ്യവകുപ്പ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവയുമായി സഹകരിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ-ലെ എല്ലാ ജീവനക്കാർക്കും ഒരു മെഡിക്കൽ പരിശോധന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ സൂചന (1) പ്രകാരം തീരുമാനം എടുത്തിട്ടുള്ളതും, ടി. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും, ആദ്യ മെഡിക്കൽ ക്യാമ്പും 30.09.2022 ന് പട്ടം വൈദ്യുതി ഭവനിൽ വച്ച് വിജയകരമായി നടത്തപ്പെട്ടിട്ടുള്ളതുമാകുന്നു. ടി. ക്യാമ്പിന്റെ തുടർച്ചയായി എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായുള്ള നിർദ്ദേശം ബന്ധപ്പെട്ട വിതരണ വിഭാഗം ഡെപ്യൂട്ടി ചീഫ് എൻജിനീയർ (ജില്ലാ ആസ്ഥാനം)മാർക്ക് നൽകുന്നതിനായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സൂചന (2) പ്രകാരം ഉത്തരവിട്ടിട്ടുള്ളതും ആകുന്നു.

2022 ഒക്ടോബർ മാസത്തിൽ തന്നെ എല്ലാ ജില്ലകളിലും ജീവനക്കാർക്കായുള്ള മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ വേണ്ട അടിയന്തര നടപടികൾ, ബന്ധപ്പെട്ട വിതരണ വിഭാഗം ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർ, (ജില്ലാ ആസ്ഥാനം) സൂചന (1) ബോർഡ് ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരം സ്വീകരിക്കേണ്ടതാണ്. ആയതിലേയ്ക്ക് അതാത് ജില്ലാ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മെഡിക്കൽ ക്യാമ്പിൽ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ ജീവനക്കാരുടെയും പൂർണ്ണപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതുമാകുന്നു. മെഡിക്കൽ ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട്, ബന്ധപ്പെട്ട എല്ലാ വിതരണ വിഭാഗം ഡെപ്യൂട്ടി ചീഫ് എൻജിനീയർമാരും, (ജില്ലാ ആസ്ഥാനം) ഡയറക്ടർ (റീസ്, സൗര, നിലാവ്, സ്പോർട്സ് & വെൽഫയർ)-ന്റെ കാര്യാലയത്തിലേക്ക് കാലതാമസം കൂടാതെ സമർപ്പിക്കേണ്ടതുമാകുന്നു.

**സെക്രട്ടറി (ഭരണം)**

പകർപ്പ് :

ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, എസ്.സി.എം & ഐ.റ്റി)/ടി. എ ടു ഡയറക്ടർ {റീസ്, സൗര, നിലാവ് പ്രോജക്ട്, സ്പോർട്സ് & വെൽഫയർ} ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, പ്ലാനിംഗ് & സേഫ്റ്റി)/ ടി. എ ടു ഡയറക്ടർ {ജനറേഷൻ & ഇലക്ട്രിക്കൽ} ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)/ സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.